# KOLLAM CITY POLICE

https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 18/ 08/ 2021


## യുവാവിനെ വെട്ടി കൊലപ്പെടുത്താൻ ശ്രമിച്ചവർ അറസ്റ്റിൽ

കൊല്ലം : മുൻവൈരാഗ്യം മൂലം യുവാവിനെ വിളിച്ച് വരുത്തി വെട്ടി കൊലപ്പെടുത്താൻ ശ്രമിച്ച യുവാക്കളെ പോലീസ് അറസ്റ്റ് ചെയ്തു. കരുനാഗപ്പള്ളി താലൂക്കിൽ തേവലക്കര വില്ലേജിൽ നടുവിലക്കര പ്രവീൺ ഭവനം വീട്ടിൽ പ്രദീപ് മകൻ പ്രവീൺ(30), നീണ്ടകര വില്ലേജിൽ പുത്തൻ തുറ മുക്കോടി കിഴക്കതിൽ അബ്ദുൽ റഹീം മകൻ അൻഷാദ് എന്നിവരാണ് ചവറ പോലീസിന്റെ പിടിയിലായത്.കരുനാഗപ്പള്ളി റെയിൽവേ ഗേറ്റിന് സമീപം താമസിക്കുന്ന ഷാന് ആണ് വെട്ടേറ്റത്. ഇയാൾ ഇപ്പോൾ ആലപ്പുഴ മെഡിക്കൽ







കോളേജിൽ ചികിത്സയിലാണ്. സാമ്പത്തിക ഇടപാടിനെ തുടർന്നുണ്ടായ തർക്കമാണ് വിരോധത്തിലേക്ക് നയിച്ചത്. തുടർന്ന് ഇയാളെ ചവറ കൊച്ചുവീട്ടിൽ കോളനിയിലേക്ക് വിളിച്ച് വരുത്തി തടഞ്ഞ് വയ്ക്കുകയും തുടർന്ന് വെട്ടി കൊലപ്പെടുത്താൻ ശ്രമിക്കുകയുമായിരുന്നു. ചവറ ഇൻസ്പെക്ടർ എ. നിസാമുദ്ദീൻ, സബ്ബ് ഇൻസ്പെകടർമാരായ സുകേഷ്, നൗഫൽ, അജയൻ, എസ്സ്.സി.പി.ഓ തമ്പി, ബിജൂ, സി.പി.ഓ അനു എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. ഇവരെ റിമാന്റ് ചെയ്തു.

## മോഷണം ചെയ്ത് വീട്ടമ്മയെ മാനഹാനി വരുത്തിയിട്ട് ഒരു വർഷമായി ഒളിവിലായിരുന്ന യുവാവ് അറസ്റ്റിൽ

കൊല്ലം : മാലിന്യങ്ങൾ പൊതു സ്ഥലത്ത് കത്തിക്കുന്നതുമായി ബന്ധപ്പെട്ട് വാക്കേറ്റത്തെ തുടർന്ന് വീട്ടിൽ അതിക്രമിച്ച് കയറി ഗൃഹനാഥനെ ആക്രമിക്കുകയും വീട്ടമ്മയെ മാനഹാനി വരുത്തുകയും ചെയ്ത സംഘത്തിലെ അംഗത്തിനെ ശക്തികുളങ്ങര പോലീസ് അറസ്റ്റ് ചെയ്തു. ശക്തികുളങ്ങര വില്ലേജിൽ ടെമ്പിൾ നഗർ ലിവിംഗ്സ്റ്റൺ വീട്ടിൽ 19.08.2020 ഉച്ചയ്ക്ക് അതിക്രമിച്ച് കയറി ഗൃഹനാഥനെ ആക്രമിച്ച് ഭീഷണിപ്പെടുത്തി ലൈംഗീക ചേഷ്ഠയോടെ ആംഗ്യ വിക്ഷേപങ്ങൾ കാട്ടി വീട്ടമ്മയെ മാനഹാനിപ്പെടുത്തുകയും വീട്ടുപകരണങ്ങൾ തീയിട്ടു നശിപ്പിച്ചും മോഷണവും നടത്തിയ സംഘത്തിലെ അംഗമായ യുവാവിനെയാണ് പോലീസ് അറസ്റ്റ്




ചെയ്തത്. ശക്തികുളങ്ങര കിഴക്കേത്തറ കിഴക്കതിൽ സുരേഷ് മകൻ ചന്തു (24) ആണ് പോലീസ് പിടിയിലായത്. സംഭവത്തിന് ശേഷം ഇയാൾ കഴിഞ്ഞ ഒരു വർഷമായി ഒളിവിലായിരുന്നു. ഇയാൾ ശക്തികുളങ്ങര എത്തിയെന്ന രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ തെരച്ചിലിനൊടുവിലാണ് ഇയാൾ പിടിയിലായത്. ശക്തികുളങ്ങര ഇൻസ്പെക്ടർ ബിജൂ.യൂ, എസ്സ്.ഐമാരായ അനീഷ്. വി, ഷാജഹാൻ. ജെ, എസ്സ്.സി.പി.ഓ ബിജൂ.ബി എന്നിവരടങ്ങിയ സംഘമാണ് ഇയാളെ അറസ്റ്റ് ചെയ്തത്. ഇയാളെ റിമാന്റ് ചെയ്തു.